**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി മറികടക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ കടബാധ്യത 2016 മുതൽ 2023 വരെ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ; | (എ) | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി GSDP യുടെ ഒരു നിശ്ചിത ശതമാനമായിട്ടാണ് നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ.<br><br>2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി യിലുള്ള വർദ്ധനവിന് ഏറെക്കുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധികവായ്പയെ ആശ്രയിക്കേണ്ടി വന്നത് കടത്തിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്. 2020-21,2021-22 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ കടബാധ്യതയും ജി.എസ്.ഡി.പി യും തമ്മിലുള്ള അനുപാതം യഥാക്രമം 38.47 ശതമാനവും 35.92 ശതമാനവുമായിരുന്നുവെങ്കിൽ 2022-23 ൽ ഇത് 34.62 ശതമാനമായി കുറയുകയാണുണ്ടായത്.<br><br>2016-17 സാമ്പത്തിക വർഷം മുതൽ 2022-2023 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യതയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു. |

| സാമ്പത്തിക വർഷം | കടബാധ്യത | കടബാധ്യത ജി.എസ്.ഡി.പി യുടെ |
|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | (തുക കോടിയിൽ) | ശതമാനത്തിൽ |
| | | | | 2016 - 17 | 1,86,453.86 | 29.37 |
| | | | | 2017 - 18 | 2,10,762.36 | 30.04 |
| | | | | 2018 - 19 | 2,35,631.49 | 29.89 |
| | | | | 2019 - 20 | 2,60,311.38 | 32.02 |
| | | | | 2020 - 21 | 2,96,900.86 | 38.47 |
| | | | | 2021 - 22 | 3,35,641.15 | 35.92 |
| | | | | 2022 - 23 | 3,62,191.89 | 34.62 |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിലധികം പൊതുകടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടവും ജി.എസ്.ഡി.പി യും തമ്മിലുള്ള അനുപാതം യഥാക്രമം 23.54 ശതമാനവും 22.75 ശതമാനവുമാണ്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ തോതിൽ വർദ്ധനവുണ്ടായിട്ടില്ല. |
| (സി) | ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം നൽകേണ്ട സാമ്പത്തിക വിഹിതം നൽകുന്നതിൽ കേന്ദ്രസർക്കാർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകളായ SDRF, SDMF, Local Body Grant എന്നിവയിൽ നടപ്പ് സാമ്പത്തിക വർഷം വരെ ഇനി യഥാക്രമം 138.8 കോടി രൂപ, 69.4 കോടി രൂപ, 1920.58 കോടി രൂപ വീതം ലഭ്യമാകാനുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട തുകയിലെ കുടിശ്ശിക 2016-17 മുതൽ 2022-23 സാമ്പത്തിക വർഷം വരെ എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | 2022-23 സാമ്പത്തിക വർഷം വരെ സംസ്ഥാനം പിരിച്ചെടുക്കേണ്ട നികുതിയിനത്തിലുള്ള ആകെ കുടിശ്ശിക 19,975.43 കോടി രൂപയാണ്. ഇതിൽ 5914.13 കോടി രൂപ കോടതി കേസുകൾ ഉൾപ്പെടുന്ന തർക്കത്തിലുള്ളതാണ്. 14,061.30 കോടി രൂപയാണ് തർക്കരഹിതമായിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള കുടിശ്ശിക ഉൾക്കൊള്ളുന്ന തുകയാണിത്. |

സെക്ഷൻ ഓഫീസർ